**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - ഓർഫനേജ് കൺട്രോൾ ബോർഡ് അംഗീകാരമുള്ള സ്ഥാപനങ്ങളിലെ അന്തേവാസികളെ ബി.പി.എൽ ലിസ്റ്റിൽ ഉൾപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

## തദ്ദേശസ്വയംഭരണ (ഡിഡി) വകുപ്പ്

**സ.ഉ(കൈ) നം. 224/2012/തസ്വഭവ** **തിരുവനന്തപുരം, തീയതി, 18.08.2012**

---

പരാമർശം:- 1. 14.01.2011- ലെ സ.ഉ(കൈ) നം. 16/11/തസ്വഭവ
2. 07.09.2011- ലെ സ.ഉ(കൈ) നം. 209/11/തസ്വഭവ
3. 27.04.2012- ലെ സ.ഉ(കൈ) നം. 112/12/തസ്വഭവ

**ഉത്തരവ്**

പരാമർശത്തിലെ ഉത്തരവുകൾ പ്രകാരം ബി.പി.എൽ. പട്ടിക തയ്യാറാക്കുന്നതിനുള്ള സൂചകങ്ങൾക്കും അവയുടെ വെയിറ്റേജിനും മാനദണ്ഡങ്ങൾക്കും അംഗീകാരം നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

സംസ്ഥാനത്തെ ഓർഫനേജുകൾ, വൃദ്ധ സദനങ്ങൾ വികലാംഗ സ്ഥാപനങ്ങൾ തുടങ്ങി ഓർഫനേജ് കൺട്രോൾ ബോർഡിൽ രജിസ്റ്റർ ചെയ്ത് പ്രവർത്തിച്ച് വരുന്ന ക്ഷേമ സ്ഥാപനങ്ങൾ നേരിടുന്ന പ്രശ്നങ്ങൾ സംബന്ധിച്ച് 09.05.2012-ൽ ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗതീരുമാനപ്രകാരം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ പൊതുവിതരണത്തിന്റ ഭാഗമായി അരി, പഞ്ചസാര, ഗോതമ്പ് എന്നിവ നൽകുന്നതുൾപ്പെടെ ഓർഫനേജ് കൺട്രോൾ ബോർഡ് അംഗീകാരമുള്ള സ്ഥാപനങ്ങളിലെ അന്തേവാസികളെക്കൂടി ബി.പി.എൽ ലിസ്റ്റിൽ ഉൾപ്പെടുത്തേണ്ടതാണ് എന്ന അധിക മാനദണ്ഡം കൂടി ദാരിദ്ര്യ രേഖ ലിസ്റ്റ് തയ്യാറാക്കുന്നതിന് നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങളിൽ ഉൾപ്പെടുത്തി ഉത്തരവാകുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,
**ടി.കെ. മനോജ് കുമാർ**
**പ്രിൻസിപ്പൽ സെക്രട്ടറി**

*ഉത്തരവിൻ പ്രകാരം,*

*സെക്ഷൻ ഓഫീസർ.*